REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 12-09-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം നൽകണമെന്ന ആവശ്യത്തിന് പ്രസക്തിയുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിന് അഞ്ച് സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കുന്ന ഏകദിന കോൺക്ലേവ് തിരുവനന്തപുരത്ത് ആരംഭിച്ചു.**
- **സംസ്ഥാനതല പട്ടയ മേള വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കളമശ്ശേരിയിൽ ഉദ്ഘാടനം ചെയ്യും.**
- **പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സംസ്ഥാന ഗവണ്മെന്റ് എസ്ഗ്രേഷ്യ ധനസഹായം അനുവദിച്ചു.**
- **കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം കല്ലുമ്മക്കായയുടെ ജനിതക രഹസ്യം കണ്ടെത്തി.**
- **പുരുഷ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും.**

## വാർത്തകൾ വിശദമായി

**കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ വിഹിതം നൽകണമെന്ന ആവശ്യത്തിന് പ്രസക്തിയുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട നിലപാടുകൾ തീരുമാനിക്കുന്നതിന് അഞ്ച് സംസ്ഥാനങ്ങളിലെ**

മന്ത്രിമാർ പങ്കെടുക്കുന്ന ഏകദിന കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നമ്മുടെ ഫെഡറൽ രാഷ്ട്രീയം നിരവധി വെല്ലുവിളികൾ അഭിമുഖീകരിക്കുകയും പല സംസ്ഥാനങ്ങളും ഭരണഘടനാപരമായ അവകാശങ്ങൾ നടപ്പിലാക്കാൻ നിയമപരമായ നടപടി സ്വീകരിക്കാൻ നിർബന്ധിതരാകുകയും ചെയ്ത സാഹചര്യത്തിലാണ് കോൺക്ലേവ് നടക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. നാനാത്വത്തിൽ ഏകത്വത്തിന്റെ കാര്യത്തിൽ ലോകത്തിന് മാതൃകയായ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഫെഡറൽ സജ്ജീകരണത്തെ ശക്തിപ്പെടുത്താൻ അർത്ഥവത്തായ നിർദ്ദേശങ്ങൾ നൽകുന്ന ഒരു നാഴികക്കല്ലായി കോൺക്ലേവ് മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

തെലങ്കാന ഉപമുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയുമായ ഭട്ടി വിക്രമാർക്ക മല്ലു, കർണാടക റവന്യു മന്ത്രി കൃഷ്ണ ബൈരെ ഗൗഡ, പഞ്ചാബ് ധനമന്ത്രി ഹർപാൽ സിങ് ചീമ, തമിഴ്നാട് ധനമന്ത്രി തങ്കം തെന്നരസു പ്രതിപക്ഷ നേതാവ് VD സതീശൻ, പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും കേന്ദ്ര ഗവൺമെന്റിന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവുമായ ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ തുടങ്ങിയവർ വിശിഷ്ടാതിഥികളായി പങ്കെടുക്കുന്നുണ്ട്.

സംസ്ഥാനങ്ങൾ നേരിടുന്ന വികസന-ധനകാര്യ പ്രശ്നങ്ങൾ ഡോ. A അരവിന്ദ് പനഗാരിയ അധ്യക്ഷനായ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നത് സംബന്ധിച്ച ആശയരൂപീകരണമാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം.

✪✪✪

സംസ്ഥാനതല പട്ടയ മേള വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കളമശ്ശേരിയിൽ ഉദ്ഘാടനം ചെയ്യും.

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെയാണ് പട്ടയമേള സംഘടിപ്പിക്കുന്നത്.

ചടങ്ങിൽ മന്ത്രിമാരായ K രാജൻ, P രാജീവ്, പ്രതിപക്ഷ നേതാവ് VD സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

നവീകരിച്ച ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. വിശാലകൊച്ചി വികസന

അതോറിറ്റിയുടെ നേതൃത്വത്തിൽ നാലേകാൽകോടി രൂപയുടെ ചെലവിലാണ് പാർക്ക് നവീകരിച്ചത്. ഇതോടനുബന്ധിച്ച് ഒരാഴ്ച നീളുന്ന കലാസാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കും.

കളമശ്ശേരി കാർഷികോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന കാർഷികസമ്മേളനവും മുഖ്യമന്ത്രി വൈകിട്ട് ഉദ്ഘാടനം ചെയ്യും. കാർഷികോത്സവം നാളെ സമാപിക്കും.

✪✪✪

പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സംസ്ഥാന ഗവണ്മെന്റ് എസ്ഗ്രേഷ്യ ധനസഹായം അനുവദിച്ചു.

നടപ്പു സാമ്പത്തിക വർഷം പൂട്ടിക്കിടക്കുന്ന സ്വകാര്യ/പൊതുമേഖല സ്ഥാപനങ്ങൾ, കയർ സൊസൈറ്റികൾ, തോട്ടങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് എസ്ഗ്രേഷ്യ സഹായമായി രണ്ട് കോടി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. 2,000 രൂപ നിരക്കിൽ 10,732 ഗുണഭോക്താക്കൾക്കാണ് എസ്ഗ്രേഷ്യ അനുകൂല്യം നൽകുന്നത്.

✪✪✪

RSS നേതാവിനെ കണ്ടെന്ന ADGP യുടെ വെളിപ്പെടുത്തൽ വന്നിട്ടും അജിത്ത് കുമാറിനെ പൂർണ്ണമായി സംരക്ഷിക്കുന്ന ഗവൺമെന്റ് നിലപാട് CPIM -RSS ബന്ധത്തിന്റെ ഏറ്റവും വലിയ തെളിവാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ കുറ്റപ്പെടുത്തി. CPI അടക്കം LDF ലെ ഘടകകക്ഷികൾ മുന്നണിക്കകത്തും പുറത്തും ഇതിനെതിരെ പ്രതികരിച്ചിട്ടും നടപടി ഉണ്ടാകാത്തത് ദയനീയ സാഹചര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഇടതു മുന്നണിയിൽ ഘടകകക്ഷികളേക്കാൾ സ്വാധീനം RSS നാണെന്ന് ഇതോടെ വ്യക്തമായെന്നും സതീശൻ തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

ADGP M.R അജിത് കുമാർ RSS നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ചയുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ ശുദ്ധ അസംബന്ധമാണ് പ്രചരിപ്പിക്കുന്നതെന്ന് CPIM സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ കുറ്റപ്പെടുത്തി. ADGP ക്കെതിരായി DGP യുടെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണം ഒരു മാസത്തിനകം പൂർത്തിയാക്കുമെന്നും, ഇതിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം തുടർ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

പി.ശശിക്കെതിരെ ഇതുവരെ രേഖാമൂലം പരാതി ലഭിച്ചിട്ടില്ല. അത് ലഭിച്ചാൽ തുടർ നടപടി സ്വീകരിക്കും. ADGP-RSS കൂടിക്കാഴ്ചയിൽ LDF ലോ, ഗവൺമെന്റിലോ പ്രതിസന്ധിയില്ലെന്നും MV ഗോവിന്ദൻ വ്യക്തമാക്കി.

✪✪✪

LDF ഘടകകക്ഷികളുടെയും മന്ത്രിസഭാ അംഗങ്ങളുടെയും എതിർപ്പിനെ മറികടന്ന് ADGP അജിത് കുമാറിനെ മുഖ്യമന്ത്രി സംരക്ഷിക്കുന്നത് സംഘപരിവാറിനെ ഭയന്നാണെന്ന് KPCC പ്രസിഡന്റ് K.സുധാകരൻ M.P കുറ്റപ്പെടുത്തി. CPIM നെയും മുഖ്യമന്ത്രിയേയും തിരുത്താൻ ഇടതുപക്ഷത്തെ ഘടകകക്ഷികൾക്ക് കഴിയുന്നില്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

അവർക്ക് നിലപാടുകൾ ബലികഴിച്ച് CPIM ന്റെ ഇംഗിതത്തിന് വഴങ്ങേണ്ട ഗതികേടാണ്. CPIM ലും LDF ലും RSS സ്വാധീനം വർധിപ്പിച്ച് കാവിവത്കരണം ദ്രുതഗതിയിൽ പ്രോത്സാഹിപ്പിക്കുകയാണ് പിണറായി വിജയൻ ചെയ്യുന്നതെന്നും സുധാകരൻ ആരോപിച്ചു. പ്രത്യയശാസ്ത്ര പരമായ വെല്ലുവിളിയാണ് CPIM നേരിടുന്നതെന്നും KPCC പ്രസിഡണ്ട് കുറ്റപ്പെടുത്തി.

✪✪✪

ADGP യെ മാറ്റി നിർത്തണമെന്ന നിലപാടിൽ മാറ്റമില്ലെന്ന് ആവർത്തിച്ച് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ADGP, RSS നേതാക്കളെ എന്തിന് കണ്ടുവെന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

പി വി അൻവർ ഉന്നയിച്ച ആരോപണങ്ങളിൽ ADGP, M R അജിത്കുമാറിന്റെ മൊഴി രേഖപ്പെടുത്തൽ തുടങ്ങി. പൊലീസ് ആസ്ഥാനത്ത് DGP ക്ക് മുന്നിലാണ് മൊഴി രേഖപ്പെടുത്തുന്നത്.

✪✪✪

ജമ്മു കശ്മീരിലെ കുപ്‌വാഡ ജില്ലയിൽ നിന്ന് സുരക്ഷാ സേന വെടിക്കോപ്പുകളും സ്ഫോടക വസ്തുക്കളും കണ്ടെടുത്തു. AK-47, ഹാൻഡ് ഗ്രനേഡുകൾ, തുടങ്ങി സ്ഫോടകവസ്തുക്കളുടെ വൻ ശേഖരമാണ് പിടിച്ചെടുത്തത്. രഹസ്യവിവരത്തെ തുടർന്ന് കേരൻ

സെക്ടറിൽ സൈന്യവും പോലീസും നടത്തിയ സംയുക്ത പരിശോധനയിലാണ് ആയുധശേഖരം കണ്ടെത്തിയത്.

✪✪✪

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം കല്ലുമ്മക്കായയുടെ ജനിതക രഹസ്യം കണ്ടെത്തി. ക്രോമസോം തലത്തിൽ കല്ലുമ്മക്കായയുടെ ജനിതക ശ്രേണീകരണം CMFRI വിജയകരമായി പൂർത്തിയാക്കി. കല്ലുമ്മക്കായയുടെ കൃഷിയിൽ വൻമുന്നേറ്റത്തിന് വഴിയൊരുക്കുന്നതാണ് കണ്ടെത്തൽ. ജലാശയ മലിനീകരണം എളുപ്പത്തിൽ മനസ്സിലാക്കാനും ഭാവിയിൽ കാൻസർ ഗവേഷണങ്ങളെ സഹായിക്കാനും നേട്ടം ഉപകരിക്കും. നേരത്തെ, മത്തിയുടെ ജനിതകഘടനയും CMFRI കണ്ടെത്തിയിരുന്നു.

CMFRI യിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ സന്ധ്യ സുകുമാരന്റെ നേതൃത്വത്തിൽ ഗവേഷക സംഘമാണ് ജനിതക ശ്രേണീകരണം നടത്തിയത്.

✪✪✪

വയനാട് മുണ്ടക്കൈ ചൂരൽമല ദുരന്ത ബാധിതർക്കായി KSEB പത്തു കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. KSEB ജീവനക്കാരിൽ നിന്ന് സമാഹരിക്കുന്ന തുകയുടെ ആദ്യ ഗഡുവായ 10 കോടി രൂപയാണ് മന്ത്രി K കൃഷ്ണൻകുട്ടിയും KSEB ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബിജു പ്രഭാകറും ചേർന്ന് മുഖ്യമന്ത്രിക്ക് കൈമാറിയത്.

✪✪✪

കാസർകോട് ജില്ലയെ സമ്പൂർണ ജൻ സുരക്ഷാ ഇൻഷുറൻസ് പദ്ധതികൾ കൈവരിച്ച ജില്ലയായി രാജ്മോഹൻ ഉണ്ണിത്താൻ MP പ്രഖ്യാപിച്ചു. PM JJB, PM SBY പദ്ധതികളാണ് ജില്ലയിൽ പൂർണമായി നടപ്പാക്കിയത്.

✪✪✪

പുരുഷന്മാരുടെ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി ടൂർണമെന്റിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും. ചൈനയിലെ ഹുലുൻബുയറിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1:15 നാണ് മത്സരം.

✪✪✪

ഹംഗറിയിലെ ബുഡാപെസ്റ്റിൽ ഇന്നലെ ആരംഭിച്ച നാല്പത്തിയഞ്ചാമത് ഫിഡെ ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യക്ക് വിജയത്തുടക്കം. ഓപ്പൺ വിഭാഗത്തിൽ മൊറോക്കോ-യ്ക്കെതിരെയും വനിതാ വിഭാഗത്തിൽ ജമൈക്കയ്ക്ക് എതിരെയും വിജയം നേടിയാണ് ഇന്ത്യൻ താരങ്ങൾ വിജയയാത്ര ആരംഭിച്ചത്.

മൊറോക്കോയ്ക്കെതിരായ ഉദ്ഘാടന മത്സരത്തിൽ R പ്രഗ്നാനന്ദ ലീഡ് നേടി. തുടർന്ന് പെന്റല ഹരികൃഷ്ണ അർജുൻ എറിഗൈസ് എന്നിവർ ഇന്ത്യയുടെ ആധിപത്യം ഉറപ്പിച്ചു. വനിതാ വിഭാഗത്തിൽ ജമൈക്കയ്ക്കെതിരെ വൈശാലി അദാനി, ടാനിയ സച്ച്ദേവ്, ദിവ്യ ദേശ്മുഖ് വന്തിക അഗർവാൾ എന്നിവരാണ് രാജ്യത്തിന് വിജയം സമ്മാനിച്ചത്.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ അദാനി ട്രിവാൻഡ്രം റോയൽസും, കൊല്ലം സെയ്ലേഴ്സും വിജയിച്ചു. തൃശൂർ ടൈറ്റൻസിനെ എട്ടുവിക്കറ്റിനാണ് അദാനി ട്രിവാൻഡ്രം തോൽപ്പിച്ചത്. രണ്ടാം മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സിനെ കൊല്ലം ഏഴ് വിക്കറ്റിന് തോൽപ്പിച്ചു. കേരള ക്രിക്കറ്റ് ലീഗിലെ ആദ്യ സെഞ്ച്വറി സെയ്ലേഴ്സിന്റെ ക്യാപ്റ്റൻ സച്ചിൻ ബേബി സ്വന്തം പേരിൽ കുറിച്ചു.

✪✪✪

ആറന്മുള പാർഥസാരഥിക്ക് ഓണവിഭവങ്ങൾ എത്തിക്കാൻ മങ്ങാട്ട് ഭട്ടതിരി കുമാരനല്ലൂരിൽനിന്ന് ചുണ്ടൻ വള്ളത്തിൽ യാത്ര തിരിച്ചു. നാളെ വൈകിട്ട് കാട്ടൂരിൽ നിന്നും തിരുവോണത്തോണി പുറപ്പെട്ട് തിരുവോണ നാളിൽ പുലർച്ചെ ആറന്മുള ക്ഷേത്രത്തിലെ മധുക്കടവിലെത്തും.

ഓണസദ്യയും കഴിഞ്ഞ് അത്താഴ പൂജയ്ക്ക് ശേഷം ക്ഷേത്രപൂജാരിയിൽ നിന്ന് പണക്കിഴി ഏറ്റുവാങ്ങി പണക്കിഴി ഭണ്ഡാരത്തിൽ നിക്ഷേപിച്ച് മങ്ങാട്ട് ഭട്ടതിരി മടങ്ങുന്നതോടെയാണ് ചടങ്ങ് അവസാനിക്കുന്നത്.

✪✪✪

ഓണം സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായ എക്സൈസ് പരിശോധനയിൽ പാലക്കാട് ചെമ്മണാംപതിയിൽ 4950 ലിറ്റർ സ്പിരിറ്റ് പിടികൂടി.

തെങ്ങിൻ തോപ്പിലെ രഹസ്യ അറയിൽ കാനുകളിൽ സൂക്ഷിച്ച നിലയിലായിരുന്ന സ്പിരിറ്റ് .

✪✪✪

ഓണം ഉത്സവ സീസണിലെ തിരക്ക് കുറയ്ക്കാൻ ചെന്നൈ എഗ്മോറിനും കൊച്ചുവേളിക്കും ഇടയിൽ പ്രത്യേക ട്രെയിൻ സർവീസ് നടത്തുമെന്ന് റെയിൽവേ അറിയിച്ചു.

ചെന്നൈ എഗ്മോർ-കൊച്ചുവേളി വൺവേ എക്സ്പ്രസ് നാളെ വൈകിട്ട് 3.15 ന് എഗ്മോറിൽ നിന്ന് പുറപ്പെട്ട് ശനിയാഴ്ച രാവിലെ എട്ടരയ്ക്ക് കൊച്ചുവേളിയിലെത്തും.

✪✪✪

സംവിധായകൻ രഞ്ജിത്തിനെ പ്രത്യേക അന്വേഷണ സംഘം കൊച്ചിയിൽ ചോദ്യം ചെയ്യുന്നു. ലൈംഗികാതിക്രമ കേസിലാണ് ചോദ്യം ചെയ്യൽ.

✪✪✪

കണ്ണൂർ മട്ടന്നൂരിന് സമീപം കാറിൽ കടത്തുകയായിരുന്ന 108 കുപ്പി മദ്യം പോലീസ് പിടികൂടി. മാഹിയിൽ നിന്ന് കർണാടകയിലേക്ക് കൊണ്ടുപോവുകയായിരുന്ന മദ്യമാണ് പിടിച്ചെടുത്തത്. കർണാടക സ്വദേശികളായ മൂന്നുപേരെ കസ്റ്റഡിയിലെടുത്തു.

✪✪✪

സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞ് 6,705 രൂപയും പവന് 53,640 രൂപയുമാണ് ഇന്നത്തെ വില.

✪✪✪